Reg. No.................................

Name.....................................

**S.U. 2336**

# M.A. ENTRANCE EXAMINATION, MAY 2020

## DEPARTMENT OF MALAYALAM

സമയം : രണ്ടു മണിക്കൂർ

മാർക്ക് : 100

I ഒറ്റ വാക്കിൽ ഉത്തരമെഴുതുക (10 × 2 = 20)

1) ത്രിപുരസുന്ദരിക്കുഞ്ഞമ്മ ഏതു കൃതിയിലെ കഥാപാത്രം
2) കുടിയൊഴിക്കൽ ആരു രചിച്ച കാവ്യം?
3) നിർമ്മാല്യം എന്ന സിനിമക്ക് ആധാരമായ ചെറുകഥ
4) 'കണ്ണീരും കിനാവും' ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ്?
5) മലയാളത്തിൽ നിന്ന് ആദ്യമായി ഭരത് അവാർഡ് നേടിയ നടൻ?
6) "ജന്തുവിന്നു തുടരുന്നു വാസനാ

   ബന്ധമിങ്ങുടലു വീഴുവോളവും" - ഏതു കാവ്യം?
7) വില്ലുവണ്ടിസമരം നടന്ന വർഷം
8) കറുത്തമ്മ ഏതു കൃതിയിലെ കഥാപാത്രം
9) പാവങ്ങൾ എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആര്?
10) പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി എന്ന കഥയുടെ രചയിതാവ്?

II രണ്ടു പുറത്തിൽ കവിയാതെ നാലെണ്ണത്തിന് ഉത്തരമെഴുതുക (4 × 10 = 40)

11) സംസ്കാരപഠനം മലയാളസാഹിത്യവിമർശനത്തെ ഏതെല്ലാം തരത്തിലാണ് സ്വാധീനിച്ചത്?
12) സ്ത്രീവാദചർച്ചകൾ വർത്തമാനകാലസാഹിത്യത്തിൽ ചെലുത്തുന്ന സ്വാധീനമെന്ത്?
13) വിവർത്തനകൃതികൾ മലയാളത്തിലെ സാഹിത്യഭാവുകത്വത്തെ സ്വാധീനിച്ചതെങ്ങനെ?
14) ചാനൽ ചർച്ചകൾ ജനങ്ങളുടെ അഭിപ്രായരൂപീകരണത്തെ സ്വാധീനിക്കുമോ? സ്വാഭിപ്രായം വ്യക്തമാക്കുക
15) മലയാളകവിതയുടെ ഉള്ളടക്കത്തിലും ഭാഷയിലും വെൺമണിക്കവികൾ കൊണ്ടുവന്ന നവീകരണം എന്തായിരുന്നു?
16) ജീവിതസ്മരണകൾ, ആത്മകഥ എന്നിവക്ക് സമീപകാലത്തുണ്ടായ വലിയ സ്വീകാര്യതയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

III നാലു പുറത്തിൽ കവിയാതെ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (2 × 20 = 40)

17) ഡിജിറ്റൽ സാങ്കേതികവിദ്യ മലയാളിയുടെ സംവേദനശീലങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
18) 'എഴുത്തച്ഛൻ ക്ലാസിക്കൃതികൾ വിവർത്തനം ചെയ്യുക മാത്രമല്ല, അതിനു പ്രാപ്തിയുള്ള ഒരു കാവ്യഭാഷ സൃഷ്ടിക്കുകയും ചെയ്തു' - ഉപന്യസിക്കുക
19) സാമൂഹിക നവോത്ഥാനം മലയാളകഥാസാഹിത്യത്തിൽ എങ്ങനെയെല്ലാം പ്രതിഫലിക്കുന്നു എന്ന് പരിശോധിക്കുക